## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 486

**11.06.2013**- ലെ മറുപടിക്ക്

### സഹകരണ ബാങ്കുകളിലെ ഒറ്റ തവണ തീർപ്പാക്കൽ പദ്ധതി

**ചോദ്യം**

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

**മറുപടി**

ശ്രീ. സി.എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി)

2012-13 സാമ്പത്തിക വർഷത്തിൽ സഹകരണ ബാങ്കുകളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി യിട്ടുണ്ടോ;

(എ) 'ആശ്വാസ് 2012' എന്ന പേരിൽ കടിശ്ശിക നിവാരണ/ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

പ്രസ്തുത പദ്ധതി പ്രകാരം എത്ര വായ്പകൾ തീർപ്പാക്കി; എന്ത് തുക ലഭിച്ചു; ജില്ല തിരിച്ചുള്ള വിശദാംശം നൽകുമോ;

(ബി) 501,916 വായ്പകളിലായി 1,99,551.368 ലക്ഷം രൂപ കടിശ്ശിക ഈടാക്കുകയുണ്ടായി.

(തുക ലക്ഷത്തിൽ)

| ജില്ല | വായ്പകൾ (എണ്ണം) | തുക |
|---|---|---|
| തിരുവനന്തപുരം | 17,175 | 13,225.968 |
| കൊല്ലം | 27,776 | 6,342.73 |
| പത്തനംതിട്ട | 4,713 | 1,940.46 |
| ആലപ്പുഴ | 12,566 | 3,754.98 |
| കോട്ടയം | 16,204 | 8,023.33 |
| ഇടുക്കി | 9,330 | 2,916.68 |
| എറണാകുളം | 35,616 | 12,112.10 |
| തൃശ്ശൂർ | 33,231 | 9,259.11 |
| പാലക്കാട് | 29,732 | 21,544.14 |
| മലപ്പുറം | 21,539 | 5,505.08 |
| കോഴിക്കോട് | 12,778 | 6,230.00 |
| വയനാട് | 12,908 | 3,288.57 |
| കണ്ണൂർ | 252,869 | 95,313.00 |
| കാസർഗോഡ് | 15,479 | 10,095.220 |
| **ആകെ** | **501,916** | **199551.368** |

| | | |
|---|---|---|
| കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്നവർക്കായി എന്തെങ്കിലും പ്രോത്സാഹന പദ്ധതികൾ സഹകരണ മേഖലയിൽ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ, വിശദാംശം വ്യക്തമാക്കുമോ? | (സി) | പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ സർവ്വീസ് സഹകരണ ബാങ്കുകൾ, കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകളിൽ, വായ്പ തുക കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് നബാർഡിൽ നിന്നുമുള്ള 3 ശതമാനം സബ്സിഡി കൂടാതെ പരമാവധി 5 ശതമാനം സബ്സിഡി കൂടി ഉൾപ്പെടുത്തി ഹ്രസ്വകാല കാർഷിക വായ്പ പൂർണ്ണമായും പലിശ രഹിത വായ്പയായി വിതരണം ചെയ്യുന്ന "ഉത്തേജന പലിശ ഇളവ് പദ്ധതി" 2011-2012 കാലയളവ് മുതൽ ബാധകമാക്കി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ